LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട 10 അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ (കൊച്ചി മെട്രോ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ, ഹൈസ്പീഡ് റെയിൽ കോറിഡോർ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ) സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 8-10-2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 51/2013/പ്ലാനിംഗ് പ്രകാരം ധനകാര്യ സെക്രട്ടറി ചെയർമാനായി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ആസൂത്രണ-സാമ്പത്തിക കാര്യം, വ്യവസായം, ഗതാഗതം, കായികവും യുവജനക്ഷേമവും, തുറമുഖം എന്നീ വകുപ്പ് സെക്രട്ടറിമാരും ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും അംഗങ്ങളും, ബന്ധപ്പെട്ട വകുപ്പ് തലവന്മാർ പ്രത്യേക ക്ഷണിതാക്കളുമാണ്.

(സി) മേൽപ്പറഞ്ഞ പ്രധാനപ്പെട്ട 10 വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് വേഗത്തിൽ ഭരണാനുമതി നൽകുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതാണ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ചുമതലകൾ.

(ഡി) പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പുകൾ സമർപ്പിക്കുന്ന ക്രമത്തിൽ സമിതി പരിശോധിച്ച് അംഗീകരിക്കുകയും ഭരണാനുമതി, തുക അനുവദിക്കൽ, പദ്ധതി പൂർത്തീകരിക്കേണ്ട സമയക്രമം എന്നിവ ശിപാർശ ചെയ്യുകയും ഓരോ പദ്ധതികളുടെയും ആവശ്യമനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്നതാണ്. ഇതുവഴി പദ്ധതികൾക്കായി നീക്കിവച്ച തുക ലാപ്സാവാതെയും വേഗത്തിലും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**പതിനാലാം ധനകാര്യ കമ്മീഷൻ**

184 (526) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക സാഹചര്യങ്ങൾ പഠിക്കുവാൻ 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിക്കുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) ആരൊക്കെയായിട്ടാണ് കമ്മീഷൻ ചർച്ച നടത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷനോട് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് കേന്ദ്ര നികുതി വരുമാന വിഹിതം വർദ്ധിപ്പിക്കുന്നതും പ്രത്യേക ഗ്രാന്റുകൾ അനുവദിക്കുന്നതും സംബന്ധിച്ച ആവശ്യങ്ങൾ ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മുൻ റിസർവ് ബാങ്ക് ഗവർണ്ണർ ഡോ. വൈ. വി. റെഡ്ഡി അദ്ധ്യക്ഷനായുള്ള പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി ചർച്ച നടത്തുന്നതിന്റെ ഭാഗമായി 2013 ഡിസംബർ മാസം 18, 19 തീയതികളിൽ കേരളം സന്ദർശിക്കുക ഉണ്ടായി.

(ബി) ബഹു. മുഖ്യമന്ത്രി, ധനമന്ത്രി, മറ്റ് മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായും വാണിജ്യ വ്യവസായ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെ പ്രതിനിധികളുമായും പതിനാലാം ധനകാര്യ കമ്മീഷൻ 18.12.2013-ൽ ചർച്ച നടത്തുകയുണ്ടായി.

(സി) സംസ്ഥാന സർക്കാർ 14-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.
2. നിലവിലുള്ള സെസ്സുകളും സർചാർജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.
3. കേന്ദ്ര റവന്യൂ വരുമാനത്തിന്റെ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.
4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് (1971-ലെ) മുൻതൂക്കം നൽകണം. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ജനസംഖ്യയെ ക്രമപ്പെടുത്തണം.
5. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണം.

LIBRARY ARCHIVES Kerala Legislative Assembly

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

7. യഥാർത്ഥ വരുമാന കമ്മി (മൂലധന ആസ്ഥികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) ഒരു പ്രധാന fiscal indicator ആയി പരിഗണിക്കണം.

8. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം നടത്തേണ്ടതുമാണ്.

9. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.

10. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.

11. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15575 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

12. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലെ നിലവിലെ വിഹിതം 30 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും പ്രസ്തുത ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കുകയും ചെയ്യണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15575 കോടി രൂപയുടെ ഗ്രാന്റ് അനുച്ഛേദം 275 പ്രകാരം അനുവദിക്കണമെന്ന കാര്യവും നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് നൽകുന്നതിനു പകരം സംസ്ഥാന സർക്കാർവഴി നൽകണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം പരിമിതപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly